**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **31-01-2024 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക നിലയം പുതുക്കിപ്പണിയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. സങ്കേതങ്ങൾക്കുള്ളിലെ റോഡ്/ നടപ്പാത നിർമ്മാണം, കുടിവെള്ള വിതരണം, സൗരോർജ്ജ വിളക്കുകൾ/മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, ഖരദ്രവ്യമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവനപുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗയോഗ്യമാക്കൽ, സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം/ മെയിന്റനൻസ്, സെറ്റിൽമെന്റിനുള്ളിലെ പൊതു ആസ്തികളിലെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ), സംരക്ഷണ ഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം), കിണർ നവീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണവും സജ്ജീകരണവും തുടങ്ങിയവ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ, സംസ്ഥാനത്തെ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ നിർമ്മാണം, ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഇടമലക്കുടി പാക്കേജിൽ ഉൾപ്പെടുത്തി റോഡ്, കണക്ടിവിറ്റി, ഗോഡൗൺ നിർമ്മാണം ഉൾപ്പടെ |

| | | | |
|---|---|---|---|
| | | | കോളനികളുടെ സമഗ്രവികസനം നടപ്പിലാക്കുന്നു.<br><br>ലൈഫ് മിഷൻ മുഖേന അർഹരായ പട്ടികവർഗ്ഗക്കാർക്ക് വീടും, സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായവും അനുവദിച്ചുവരുന്നു.<br><br>പട്ടികവർഗ്ഗമേഖലകളിലെ പുനരധിവാസവും അടിസ്ഥാന സൗകര്യവികസനവും ലക്ഷ്യമിട്ട് ആദിവാസി പുനരധിവാസ മിഷനും പ്രവർത്തിക്കുന്നു.<br><br>പട്ടികവർഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ റോഡ്, പാലം, ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയ പ്രവർത്തികളും നടപ്പിലാക്കി വരുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽ മുണ്ടയാട് ആദിവാസി കോളനിയിലെ നാശോന്മുഖമായ സാംസ്കാരിക കേന്ദ്രം വായനശാല കൂടി ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | മുണ്ടയോട് കോളനിയിൽ നിലവിലുള്ള സാംസ്കാരിക നിലയം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ